കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മടിക്കൈ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/783/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 14-08-2019.

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,

മടിക്കൈ ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-(4) ലേക്ക് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ എന്നിവ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 8/783/2019, തിയ്യതി: 14-08-2019.

# കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-07-2019 മുതൽ 29-07-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്, പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഘുനാഥൻ,കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.ബാബു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കെ.സി. കുഞ്ഞികൃഷ്ണൻ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുധീഷ്, എൻ.കെ | ഓഡിറ്റർ |

1. നിർവ്വഹണാധികാരികൾ :

| നിർവ്വഹണ അധികാരി | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡൻറ് | സി. പ്രഭാകരൻ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | കെ.പി.ശശിധരൻ | 01.04.2018 | 31.03.2019 |

നിർവഹണ ഉദ്യോഗസ്ഥർ :

| നിർവഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | സന്തൂപ്ചന്ദ്രൻ.സി. | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ആർജിത. പി.വി. | 01.04.2018 | 01.06.2018 |
| | കൃഷ്ണപ്രിയ. പി.ജെ | 02.06.2018 | 03.09.2018 |
| | വേണഗോപാലൻ.കെ | 04.09.2018 | 11.12.2018 F.N |
| | ദിവ്യശ്രീ | 11.12.2018 A.N. | 08.02.2019 F.N |
| | ശീതൾ ശിവൻകുട്ടി | 08.02.2019 A.N | 14.02.2019 F.N |
| | അഞ്ജു. എസ്. | 14.02.2019 A.N | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ചാക്കോ.പി.എ | 01.04.2018 | 31.03.2019 |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ഉഷ.പി | 01.04.2018 | 07.07.2018 F.N |
| | രമ കുറ്റിക്കാട്ടിൽ | 07.07.18 A.N | 03.11.2018F.N. |
| | വിനീ. കെ | 03.11.2018 AN. | 22.02.2019F.N. |
| | ബിന്ദു.എ.ഒ | 22.02.2019 AN. | 31.03.2019 |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ. സെൽമാ ജോസി | 01.04.2018 | 31.03.2019 |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ. സ്വപ്ന. കെ.എസ്. | 01.04.2018 | 31.03.2019 |
| ഹെഡ് മാസ്റ്റർ | ഗോപി.വി. | 01.04.2018 | 31.03.2019 |
| അസിസ്റ്റൻറ്സെക്രട്ടറി | മധുസൂദനൻ.വി | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജൻ | സ്മിത സെബാസ്റ്റ്യൻ | 01.04.2018 | 31.03.2019 |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.വിപിൻരാജ്. പി.കെ. | 01.04.2018 | 31.03.2019 |
| ഡയറിഫാംഇൻസ്ട്രക്ടർ | സുകുമാരൻ. കെ | 01.04.2018 | 31.03.2019 |

ഉള്ളടക്കം:


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾകാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 13 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-1 |
| 14 | രശീതിയുടെ പകർപ്പ് രശീതി ബുക്കിൽ തന്നെ സൂക്ഷിക്കുന്നു. | 2-2 |
| 15 | തൊഴിൽ നികുതി പരിശോധന –അപാകതകൾ | 2-3 |

| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
|---|---|---|
| 16 | യാത്രാബത്ത കൈപ്പറ്റിയത് - അപാകത | 3-1 |
| 17 | ജീവനക്കാര്യം-ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം | 3-2 |
| 18 | ജീവനക്കാര്യം-2019 വർഷത്തേക്കുള്ള ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് പോളിസി പ്രീമിയം തുക ഒടുക്കുന്നതിൽ കാലതാമസം | 3-3 |
| 19 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രവർത്തനം-ദിവസവേതനത്തിന് നിയമിച്ചത്-അപാകത | 3-4 |
| 20 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 21 | ചതുരക്കിണർ, ബങ്കളം, കൂട്ടപ്പുന്ന, മുങ്ങത്ത് പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി | 3-6 |
| 22 | തെരുവ് വിളക്ക് ലൈൻ വലിച്ച സ്ഥലങ്ങളിൽ LED ബൾബ് സ്ഥാപിക്കൽ പദ്ധതി | 3-7 |
| 23 | ഗ്രാമ പഞ്ചായത്ത് ഓഫീസ് സേവനം മെച്ചപ്പെടുത്തൽ പദ്ധതി | 3-8 |
| 24 | എസ്.ടി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം പദ്ധതി-അപാകത | 3-9 |
| 25 | ആയുർവേദാശുപത്രിക്ക് മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-10 |
| 26 | അഡ്വാൻസ് നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയില്ല – 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു: | 3-11 |
| 27 | മെഡിക്കൽ ഓഫീസർ, ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 3-12 |
| 28 | പ്രോജക്ട് നം- SO.75/19 എസ്. ടി.വിദ്യാർത്ഥികൾക്ക് മേശയും,കസേരയും വിതരണം - അപാകത. | 3-13 |
| 29 | പ്രോജക്ട് നം-SO.81/19 എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും,കസേരയും വിതരണം അപാകത | 3-14 |
| 30 | ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ സ്വാന്തന സ്പർശം ഐഡി കാർഡ്, ഹെൽത്ത് കാർഡ് തുടങ്ങിയവ വിതരണം ചെയ്ത് പഠന നിലവാരം ഉയർത്തൽ | 3-15 |

| | | |
|---|---|---|
| | പദ്ധതി - അപാകത | |
| 31 | കിണർ റീചാർജ് പദ്ധതിക്കായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്. | 3-16 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-17 |
| ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | | |
| 33 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്.

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.


## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജററ് അംഗീകരിച്ചതിന്റെ വിവരം:

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| തീരുമാനം നമ്പർ, തിയ്യതി | 1(2), 24.03.2018 | 7(1), 21.01.2019 |
| മുന്നിരിപ്പ് | 1,36,28,706 | 1,15,06,728 |
| വരവ് | 18,42,87,697 | 23,16,18,027 |
| ആകെ | 19,79,16,403 | 24,31,24,755 |
| ചെലവ് | 18,79,00,702 | 23,35,64,459 |
| നീക്കിയിരിപ്പ് | 1,00,15,701 | 95,60,296 |

### 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10-05-2019 | ഇല്ല | ഇല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 24-06-2019 മുതൽ 25-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി-3/419/2019 തീയ്യതി.29-06-2019 |

### 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് സറ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ.

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 29,69,501 |
| വരവ് | 8,45,65,741 |
| ആകെ | 8,75,35,242 |
| ചെലവ് | 7,00,81,240 |
| നീക്കിയിരിപ്പ് | 1,74,54,002 |

### 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,84,96,609 | 1,84,96,609 | 1,83,60,594 | 1,36,015 | 99.27% |
| വികസനഫണ്ട് എസ്.സി.പി. | 0 | 8,27,000 | 8,27,000 | 8,26,314 | 686 | 99.91% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 28,07,000 | 28,07,000 | 25,29,173 | 2,77,827 | 90.1% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,57,01,000 | 1,57,01,000 | 1,56,03,908 | 97,092 | 99.38% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 37,22,000 | 37,22,000 | 37,22,000 | 0 | 100% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 81,24,000 | 81,24,000 | 81,24,000 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 4,96,77,609 | 4,96,77,609 | 4,91,65,989 | 5,11,620 | |

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം:

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,66,34,451 | 1,66,34,451 | 1,66,34,451 | 0 |
| വികസന ഫണ്ട് -എസ്.സി.പി. | 0 | 8,26,314 | 8,26,314 | 8,26,314 | 0 |
| വികസന ഫണ്ട് -ടി.എസ്.പി. | 0 | 24,54,173 | 24,54,173 | 24,54,173 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 62,81,573 | 62,81,573 | 62,81,573 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ-റോഡ് | 0 | 37,22,000 | 37,22,000 | 37,22,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 47,88,263 | 47,88,263 | 47,88,263 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| തൊഴിൽ ര.ഹിത വേതനം ബി. ഫണ്ട് | 0 | 960 | 960 | 960 | 0 |

| | | | | | |
|---|---|---|---|---|---|
| സാധുക്കളായ വിധവകളുടെ പെണ്മക്കളുടെ വിവാഹധനസഹായം<br><br>ബി. ഫണ്ട് | 0 | 60,000 | 60,000 | 60,000 | 0 |
| 100 ദിനം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ്<br><br>ബി. ഫണ്ട് | 0 | 3,47,000 | 3,47,000 | 3,47,000 | 0 |
| ട്രഷറി തനത് ഫണ്ട്.&ജനറൽ പർപ്പസ് ഫണ്ട് | 1,35,94,604 | 1,29,48,358 | 2,65,42,962 | 1,53,02,735 | 1,12,40,227 |
| ട്രഷറി സംയുക്ത പദ്ധതി | 0 | 72,34,822 | 72,34,822 | 20,12,979 | 52,21,843 |
| കേന്ദ്രാവിഷ്കൃത പദ്ധതി<br><br>(WGDP) | 14,740 | 596 | 15,336 | 0 | 15,336 |
| ICDS | 16,24,411 | 14,55,275 | 3,07,69,686 | 14,80,655 | 15,33,031 |
| സംസ്ഥാനാവിഷ്കൃത പദ്ധതി ബാങ്ക് | 0 | 0 | 0 | 0 | 0 |
| കേരളോത്സവം | 0 | 20,000 | 20,000 | 0 | 20,000 |
| ശുചിത്വമിഷൻ | 1,96,035 | 12,64,295 | 14,60,330 | 1,50,000 | 13,10,330 |
| തനത് ഫണ്ട്<br><br>സ്റ്റേഡിയം & പ്ലേ ഗ്രൌണ്ട് | 0 | 12,63,083 | 12,63,083 | 0 | 12,63,083 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ് )72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ 1/(18) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയിൽ 13 അംഗങ്ങളാണുള്ളത്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 24.03.2018 – ലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തിട്ടുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം,വികസന സെമിനാർ,പൊതുമരാമത്ത് പ്രവൃത്തികൾ,തൊഴിലുറപ്പ് പദ്ധതി ,ജൈവ വൈവിധ്യ സംരക്ഷണ പദ്ധതികൾ എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷ പരിശോധന, അംഗൻടികളുടെ പ്രവർത്തനം,വയോജനങ്ങളുടെ ക്ഷേമം എന്നീ പ്രവർത്തനങ്ങളും കമ്മറ്റി നിരീക്ഷിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ആയൂർവേദം,അലോപ്പതി,ഹോമിയോ എന്നീ വിഭാഗത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്. കമ്മറ്റി 15 വാർഡുകളിലായി ആരോഗ്യ ശുചിത്വ സർവ്വെ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തൻങ്ങൾക്ക് നേതൃത്വം നല്കുകയുമുണ്ടായി. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉണ്ടാകേണ്ടതുണ്ട്.സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ :

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 3 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 3 |
| 4 | ചെറുകിട വ്യവസായം | 2 |
| 5 | ദാരിദ്ര്യ ലഘൂകരണം | 2 |
| 6 | പൊതുമരാമത്ത് | 3 |
| 7 | സാമൂഹ്യക്ഷേമം | 1 |
| 8 | പട്ടിക ജാതി വികസനം | 3 |
| 9 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 3 |
| 10 | ആരോഗ്യം | 3 |
| 11 | കുടിവെള്ളം ശുചിത്വം | 2 |
| 12 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 2 |
| 13 | പട്ടിക വർഗ്ഗ വികസനം | 4 |

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ എന്ന വർക്കിങ്ങ് ഗ്രൂപ്പ് ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്നങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

മോണിറ്ററിംഗ് :

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്തതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഓരോ പ്രോജക്ട് പൂർത്തിയാകുമ്പോഴും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും വർക്കിംപദ്ധതി ഗ് ഗ്രൂപ്പുകളും പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്.ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 28.12.2017ന് യോഗം ചേരുകയുണ്ടായി.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 3/2018 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും5/2018, 6/2018 എന്നീ മാസങ്ങളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്. മറ്റു ഗ്രാമസഭകൾ 11/2018, 2/2019മാസങ്ങളിൽ ചേരുകയുണ്ടായി.

ഊരുക്കൂട്ടം

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഗ്രാമപഞ്ചായത്തിൽ TSPഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഊരുക്കൂട്ടം 3/2018 മാസത്തിൽ ചേരുകയുണ്ടായി.

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യേക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരം ഭിന്നശേഷി വിഭാഗക്കാരുടെ യോഗം 07.03.2018തീയതിയിൽ ചേരുകയുണ്ടായി.

വയോജനങ്ങളുടെഗ്രാമസഭ

വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ വയോജനങ്ങളുടെ ഗ്രാമസഭ 15.04.2018 തീയതിയിൽ ചേരുകയുണ്ടായി.

വികസന സെമിനാർ :

20-03-2018 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 203 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം :

വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 24.03.2018 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 01)-

28.03.2018 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്-(475/2018 /DPC/DPO/KSD തീയ്യതി 28.03.2018). 01-03-2019ന് ജില്ലാ ആസൂത്രണ സമിതി അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രോജക്ടുകൾ | 228 |
| പുതിയ പ്രോജക്ടുകൾ | 146 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 82 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13,299 | 8,97,585 | 9,10,884 | 8,86,576 | 24,308 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,21,88,023 | 5,21,88,023 | 5,21,88,023 | 0 |
| ആകെ | 13,299 | 5,30,85,608 | 5,30,98,907 | 5,30,74,599 | 24,308 |

## 1-8 ക്ഷേമപദ്ധതികൾ:

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽ രഹിത വേതനം | 960 | 1 |
| | കർഷക തൊഴിലാളി പെൻഷൻ | 97,90,400 | 801 |
| | വിധവാ പെൻഷൻ | 1,80,22,000 | 1484 |
| | വാർദ്ധക്യകാല പെൻഷൻ | 1,41,38,300 | 1284 |
| | വികലാംഗ പെൻഷൻ | 41,51,600 | 327 |
| | അവിവാഹിത പെൻഷൻ | 4,60,800 | 42 |
| | വിവാഹ ധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2019 തീയതിയിൽ 02.35 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,537/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പഞ്ചായത്തിൽ ഉണ്ടാവേണ്ടത് ഭരണസമിതിയുടെ ഉത്തരവാദിത്വമാണെന്ന് നിലവിലുള്ള ഭരണസമിതിക്ക് പൂർണ്ണമായും ബോധ്യമുണ്ട്. അതുകൊണ്ട് അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരികകുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് സമ്പ്രദായം ഉണ്ട്.സെക്രട്ടറിക്കും മറ്റ് ജീവനക്കാർക്കും അവരുടെ ജോലിയെകുറിച്ച് വ്യക്തമായ അവബോധം ഉണ്ട്.ചുരുക്കം ചില അപാകതകൾ

ഉണ്ടെങ്കിലും പഞ്ചായത്തിൻെറ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിൻെറ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്.

അക്കൌണ്ടിങ്ങ് സമ്പ്രദായം

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിൻെറ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിൻെറ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്.അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൌണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.ഓരോ അക്കൌണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട് .ആയതു് പഞ്ചായത്തിൻെറ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ബിൽ കലക്ടർമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.പ്ഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് .ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

നികുതികൾ കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്യാനുള്ള നടപടിൾസ്വികരിച്ചിട്ടുണ്ട്. കുടിശ്ശിക നികുതികൾ പൂർണ്ണമായും തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ട്.നികുതി കുടിശ്ശിക വരുത്തുന്ന നികുതി ദായകരുടെ പേര് വിവരങ്ങൾ നിലവിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി കാര്യക്ഷമമല്ല

മടിക്കൈ ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി കാര്യക്ഷമമല്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ വ്യക്തമാവുന്നത്. കാരണം ഈ കമ്മിറ്റി 2018-19 വർഷത്തിൽ ആകെ 3 യോഗമാണ് ചേർന്നിട്ടുള്ളത്. 1.11.19.11.18,20.12.18 എന്നീ തിയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഈ യോഗത്തിൽ പർച്ചേസുകൾ സംബന്ധമായ കാര്യമായ തീരുമാനങ്ങളൊന്നും എടുത്തതായി രേഖപ്പെടുത്തി കാണുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ കാര്യമായ തീരുമാനങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ല. അത് പോലെ ഭൂരിഭാഗം പർച്ചേസുകളും നടന്ന ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യോഗം ചേർന്നിട്ടേയില്ല. ക്വട്ടേഷൻ, ടെണ്ടർ, വിതരണം നടത്തിയത്, വിതരണം ചെയ്ത സാധനം സ്പെസിഫിക്കേഷൻ പ്രകാരമാണോ, പണം നൽകൽ ഈ കാര്യങ്ങളൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി അറിഞ്ഞിട്ടേയില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവനപുസ്തകം, ലീവ് റെക്കോർഡ്സ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പേ റിവിഷൻ, അഡ്ജസ്റ്റ്മെന്റ് സംബന്ധമായ കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ്

നൽകുന്നത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ജീവനക്കാരുടെ റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ഇനത്തിൽ പിടിക്കുന്ന തുകകൾ ഒടുക്കുന്നതിന് കാലതാസം വരുത്തിയിട്ടുണ്ട്. ചില മാസങ്ങളിൽ തീരെ ഒടുക്കാതെ രണ്ട് മാസത്തെ ഒന്നിച്ച് ഒടുക്കിയിട്ടുമുണ്ട്. ഉദാഹരണം 2018 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ പിടിച്ച തുക ഒടുക്കയിയത് 2.3.2019 ൽ ആണ്. ജീവനക്കാർക്ക് പലിശ ഇനത്തിൽ ലഭിക്കുന്ന തുക കുറയാൻ ഇത് കാരണമാകും. അതിനാൽ സെക്രട്ടറി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വേതനം, യാത്രാബത്ത നൽകിയതിൽ അപാകത .

യായ പരിശോധന നടത്താതെയാണ് തുക നൽകിയിട്ടുള്ളത്. ജീവനക്കാരുടെ യാത്രാബത്താ ബില്ലുകൾ പരിശോധന നടത്തിയപ്പോൾ ചില ജീവനക്കാർ ഔദ്യോഗിക വാഹനത്തിലാണ് യാത്ര ചെയ്തതെങ്കിലു യാത്രാ ഡയറിയിൽ ഇക്കാര്യം രേഖപ്പെടുത്താതെ ഫുൾ ഡി.എ ക്ലെയിം ചെയ്തിട്ടുണ്ട്. യാത്രാ ഡയറി ലോഗ് ബുക്കുമായി ഒത്തു നോക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സൂക്ഷ്മതക്കുറവ് ഉണ്ട്.2018-19 വർഷത്തിൽ ശ്രീ.രഘുനാഥൻ.എം എന്നവരെ ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ദിവസവേതനത്തിന് നിയമിച്ചു. 19.6.2018 നാണ് അദ്ദേഹത്തിന്റെ നിയമനം ഭരണസമിതി അംഗീകരിച്ചത്, പക്ഷെ ജൂൺ മാസം 1-ാം തിയ്യതി മുതൽ അദ്ദേഹത്തിന് വേതനം നൽകിയിട്ടുണ്ട്. ഇത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, എൻ.എം.ആർ ഒപ്പിടുന്ന സെക്രട്ടറി, ജോലി ചെയ്തത് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നിവർ ശരിയായ പരിശോധന നടത്താത്തതിനാൽ വന്ന വീഴ്ചയാണ്. കൂടാതെ യാത്രാബത്ത ബില്ലുകൾ ശരി

ആസ്തികളിൻമേലുള്ള നിയന്ത്രണം

സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ഇല്ല | - | - |
| പെർഫോർമൻസ് ഓഡിറ്റ് | 20.06.2019 & 21.06.2019 | 01.01.2019 മുതൽ 31.05.2019 വരെ | 21.06.2019 |

## 1-12 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 58,101,143/-രൂപയാണ്. ആയതിനാൽ B- 11ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ഹഡ്കോ ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,24,63,158/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ വരവ് 60,000/- രൂപയാണ്, എന്നാൽ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ ടെണ്ടർ- ടെണ്ടർഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർമൂലം നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ തുകകളൊന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. അസി.എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഈയിനത്തിൽ 2018-19 കാലയളവിൽ ലഭിക്കേണ്ടുന്ന തുകകളുടെ വിവരം ചുവടെകൊടുക്കുന്നു..

| ക്ര.നം | പ്രൊജക്റ്റ് നമ്പർ,പ്രവർത്തിയുടെ പേര് | ടെണ്ടർ ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടുന്ന ടെണ്ടർ ഫീ |
|---|---|---|---|---|
| 1 | 17/19, അമ്പലത്തറ നാദക്കോട്ട് അമ്പലം റോഡ് റീടാറിംഗ് | 1,700 | 2 | 3,400 |
| 2 | 19/19, എരിക്കുളം കുണ്ടേൻമൂല റോഡ് ടാറിംഗ് | 1,600 | 4 | 6,400 |
| 3 | 25/19, കണ്ടംകുട്ടിച്ചാൽ പന്നിപ്പള്ളി റോഡ് ടാറിംഗ് | 1,100 | 3 | 3,300 |
| 4 | 29/19, കൊളങ്ങാട് പെരളം റോഡ് ടാറിംഗ് | 1,100 | 3 | 3,300 |
| 5 | 78/19, കാനത്ത്കൊച്ചി കൾവേർട്ട് നിർമ്മാണം | 1,400 | 5 | 7,000 |
| 6 | 87/18, കണിച്ചിറ നാദക്കോട്ട് റോഡ് കൾവേർട്ട് നിർമ്മാണം | 2,000 | 3 | 6,000 |

| | | | | |
|---|---|---|---|---|
| 7 | 94/19, കാലിച്ചാംപൊതി മിനിസ്റ്റേഡിയം റിപ്പയർ | 1,200 | 2 | 2,400 |
| 8 | 95/19, പഞ്ചായത്ത് ഓഫീസ് ഡൈനിംഗ് ഹാൾ നിർമ്മാണം | 1,000 | 3 | 3,000 |
| 9 | 102/19, ബങ്കളം വയോജന വിശ്രമകേന്ദ്രം നിർമ്മാണം | 2,500 | 5 | 12,500 |
| 10 | 214/19, പുളിയനടുക്കം കമ്മ്യൂണിറ്റിഹാൾ റോഡ് ടാറിംഗ് | 2,000 | 2 | 4,000 |
| 11 | 215/19, മുത്തപ്പൻത്തറ കൊഡറക്കാവ് റോഡ് ടാറിംഗ് | 2,000 | 6 | 12,000 |
| 12 | 217/19, മുങ്ങത്ത് മണിമുണ്ട റോഡ് റീടാറിംഗ് | 2,500 | 2 | 5,000 |
| 13 | 233/19, കുളിയൻമരം മൂലായിപ്പള്ളി ചെരണത്തല റോഡ് ടാറിംഗ് | 1,000 | 3 | 3,000 |
| 14 | 15/19, കാരക്കൊച്ചി കമ്മാടംകാവ് റോഡ് റീടാറിംഗ | 2,500 | 2 | 5,000 |
| 15 | 234/19, ചാളക്കടവ്-മണക്കടവ്,-പൂത്തക്കാൽറോഡ് നവീകരണം | 2,500 | 3 | 7,500 |
| 16 | 14/19, ബങ്കളം കുടിവെള്ള വിതരണ പദ്ധതി | 2,500 | 1 | 2,500 |

| | | | | |
|---|---|---|---|---|
| 17 | 31/19, മൂലായിപ്പള്ളി ചെരണത്തല സ്കൂൾറോഡ് റീടാറിംങ്ങും, നവീകരണവും | 1,400 | 1 | 1,400 |
| 18 | 35/19, ആലക്കളം- നാര റോഡ് റീടാറിംഗ് | 1,200 | 2 | 2,400 |
| 19 | 37/19, കുട്ടപ്പന്ന- ചെരണത്തല റോഡ് റീടാറിംഗ് | 1,300 | 1 | 1,300 |
| 20 | 40/19, പൂത്തക്കാൽ സ്കൂൾ റിപ്പയർ | 1,000 | 2 | 2,000 |
| 21 | 88/19, കണ്ണിപ്പാറ-നൃഞ്ഞി റോഡ് റീടാറിംഗ് | 1,000 | 1 | 1,000 |
| 22 | 89/19, നാല്യകണ്ടം റാക്കോൽ റോഡിന് സൈഡ് വാൾ നിർമ്മാണം | 1,000 | 2 | 2,000 |
| 23 | 219/19, ചെരണത്തല സ്കൂൾ റോഡ് നവീകരണം | 1,500 | 2 | 3,000 |
| 24 | 223/19, മൈത്തടം മോരാംഗലം റോഡ് റീടാറിംഗ് | 1,100 | 1 | 1,100 |
| 25 | 220/19, കീക്കാംങ്കോട്ട് സ്കൂൾ നവീകരണം | 1,100 | 1 | 1,100 |
| 26 | 98/19, കുടുംബശ്രീ ബിൽഡിംഗ് നവീകരണം | 2,000 | 1 | 2,000 |
| 27 | 229/19, പുളിയനടുക്കം കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | 2,000 | 4 | 2,000 |
| 28 | 232/19, മെറ്റീരിയൽ | 2,500 | 1 | 2,500 |

| | | | |
|---|---|---|---|
| | കളക്ഷൻ സെൻററർ നിർമ്മാണം | | |
| | ആകെ | 68 | 1,08,100 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ളത് . ഈ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 രശീതിയുടെ പകർപ്പ് രശീതി ബുക്കിൽ തന്നെ സൂക്ഷിക്കുന്നു.

രശീതി ബുക്ക് പരിശോധനാ വേളയിൽ, സാമ്പത്തിക വർഷാവസാനത്തിൽ ഈടാക്കിയ ഏതാനും നികുതി തുകകളുടെ രശീതിയുടെ പകർപ്പ് നികുതി ദാതാവിന് നൽകാതെ രശീതി ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നം & തീയ്യതി | നികുതിയിനം | തുക |
|---|---|---|
| 37784/84 തീയ്യതി. 30.03.2019 | കെട്ടിട നികുതി | 47 |
| 37784/85 തീയ്യതി. 30.03.2019 | കെട്ടിട നികുതി | 40 |
| 37784/88 തീയ്യതി. 30.03.2019 | കെട്ടിട നികുതി | 192 |
| 37784/89 തീയ്യതി. 30.03.2019 | കെട്ടിട നികുതി | 159 |
| 43795/72 തീയ്യതി. 28.03.2019 | തൊഴിൽ നികുതി | 33 |

ഭാവിയിൽ നികുതി ദാതാവിന് രശീതിയുടെ പകർപ്പ് നൽകി നികുതി പിരിവിലെ സുതാര്യത ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പരിശോധന –അപാകതകൾ

1. നികുതി അടവാക്കാനായി സ്ഥാപന മേധാവികൾക്ക് നൽകുന്ന ഡിമാന്റ് നോട്ടീസിൽ എല്ലാ തരം ശമ്പള ഇനങ്ങളും ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനും ആയതിനനുസരിച്ച് നികുതി അടവാക്കാനും നിർദേശിക്കുന്നുണ്ടെങ്കിലും മിക്ക സ്ഥാപന മേധാവികളും ഈ നിർദേശം പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപന മേധാവികൾ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജാതാവധി സറണ്ടർ തുക,ബോണസ്,ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ/മറ്റ് കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകാനുള്ള സാധ്യത ഉണ്ട്.

2. തൊഴിൽ നികുതി വൈകി അടവാക്കുന്ന കച്ചവടക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകുന്നുണ്ട്.

3. നികുതി ഈടാക്കുന്ന വേളയിൽ പത്രികയിൽ രേഖപ്പെടുത്തിയ ശമ്പളത്തിന്റെ സ്ലാബിനനുസരിച്ച് നികുതി തുക ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഉദാഹരണം താഴെക്കൊടുക്കുന്നു.

| നികുതിദാതാവിന്റെ പേര് | തൊഴിൽ/സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| പീതാംബരൻ ടി | കെട്ടിടങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ | 45,000 | 450 | 300/-<br>(രശീതി നം.5511/13.03.2019) | 150 |
| അജയൻ | ആർക് ലൈൻ ബിൽഡേഴ്സ് | 45,000 | 450 | 300/- | 150 |

| | | | | | |
|---|---|---|---|---|---|
| | | | | (രശീതി നം.5936/27.03.2019) | |

ഭാവിയിൽ മേൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 യാത്രാബത്ത കൈപ്പറ്റിയത് - അപാകത

വൗച്ചർ നം.21800368/21.08.2019 – 16,679/-

വൗച്ചർ നം.21800369/21.08.2019 – 41,480/-

മേൽ വൗച്ചറുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 11/2017 മുതൽ 06/2018 വരെയുള്ള യാത്രാബത്ത നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഈ ജിവനക്കാരുടെ യാത്രാബത്ത ഡയറികൾ, ബില്ലുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന ജീവനക്കാർ ചില ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിൽ യാത്ര നടത്തിയതിന് ഫുൾ ഡി.എ. ക്ലെയിം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാഹനത്തിൽ യാത്ര നടത്തിയാൽ പകുതി ഡി.എ. മാത്രമെ ക്ലെയിം ചെയ്യാൻ പാടുള്ളൂ, (കെ.എസ്.ആർ.യാത്രബത്ത ചട്ടം- 110)വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഓഫീസറുടെ പേര്, ഉദ്യോഗപ്പേര് | യാത്ര ചെയ്ത തിയ്യതി | ക്ലെയിം ചെയ്ത ഡി.എ. | ക്ലെയിം ചെയ്യേണ്ട ഡി.എ. | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | കെ.പി.ശശിധരൻ, സെക്രട്ടറി | 05.01.2018 | 400 | 200 | 200 |
| 2 | കെ.പി.ശശിധരൻ, സെക്രട്ടറി | 21.02.2018 | 400 | 200 | 200 |
| 3 | കെ.പി.ശശിധരൻ, സെക്രട്ടറി | 27.02.2018 | 400 | 200 | 200 |
| 4 | കെ.പി.ശശിധരൻ, സെക്രട്ടറി | 28.02.2018 | 400 | 200 | 200 |

| | | | | | |
|---|---|---|---|---|---|
| 5 | കെ.പി.ശശിധരൻ, സെക്രട്ടറി (മലപ്പുറം യാത്ര, ഇൻസിഡെന്റൽ ചെലവ് മാത്രമെ ക്ലെയിം ചെയ്യാൻ പാടുള്ളൂ) | 17.02.2018 to 18.02.2018 | 10352 | 293 | 10059 |
| 6 | ശ്രീകാന്ത്,എച്ച്.എസ് സീനിയർ ക്ലാർക്ക് | 03.05.2018 | 320 | 160 | 160 |
| 7 | വി.മധുസൂദനൻ, അസി.സെക്രട്ടറി | 10.04.2018 | 320 | 160 | 160 |
| 8 | രതീഷ്,പി.കെ സീനിയർ ക്ലാർക്ക് | 07.04.2018 | 320 | 160 | 160 |
| 9 | വി.മധുസൂദനൻ, അസി.സെക്രട്ടറി | 15.02.2018 | 320 | 160 | 160 |
| 10 | വി.മധുസൂദനൻ, അസി.സെക്രട്ടറി | 20.2018 | 320 | 160 | 160 |
| 11 | വി.മധുസൂദനൻ, അസി.സെക്രട്ടറി | 04.01.2018 | 320 | 160 | 160 |
| | | | ആകെ | | 2,819/- |

മേൽ വിവരിച്ച പ്രകാരം ആകെ 2,819/- രൂപ യാത്രാബത്ത ഇനത്തിൽ അധികം കൈപ്പറ്റിയതിന് ഓഡിറ്റ് എൻക്വയറി നം.07/26.7.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടത് പ്രകാരം 26.07.2019 ന് ശ്രീകാന്ത്.എച്ച്.എസ്, സീനിയർ ക്ലാർക്ക്, വി.മധുസൂദനൻ, അസി.സെക്രട്ടറി, രതീഷ്.പി.കെ, സീനിയർ ക്ലാർക്ക് എന്നിവർ അധികം കൈപ്പറ്റിയ 960/- രൂപ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.(രശീതി നം.119010101270,71,83/dt.26.07.2019) ആയതിനാൽ കെ.പി.ശശിധരൻ, സെക്രട്ടറി അധികമായി കൈപ്പറ്റിയ ആകെ 1,859/-രൂപ തിരികെ ഈടാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-2 ജീവനക്കാര്യം-ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം

2018-19 വർഷത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും റിക്കവറി ഇനത്തിൽ പിടിക്കുന്ന തുകകൾ ഒടുക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഉദാഹരണത്തിന് 2018-19 വർഷത്തെ കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ അടവ് വിവരം താഴെ ചേർക്കുന്നു.

| മാസം | ആകെ റിക്കവറി തുക | ട്രഷറിയിൽ ഒടുക്കിയ തിയ്യതി |
|---|---|---|
| 03/2018 | 51,500 | 17.04.2018 |
| 04/2018 | 41,500 | 17.05.2018 |
| 05/2018 | 41,500 | 18.06.2018 |
| 06/2018 | 41,500 | 23.07.2018 |
| 07/2018 | 43,500 | 17.08.2018 |

| | | |
|---|---|---|
| 08/2018 | 43,500 | 24.09.2018 |
| 09/2018 | 43,500 | 16.10.2018 |
| 10/2018 | 43,500 | 12.11.2018 |
| 11/2018 | 43,500 | 15.12.2018 |
| 12/2018 | 43,500 | 19.01.2019 |
| 01/2019 | 43,500 | 02.03.2019 |
| 02/2019 | 43,500 | 02.03.2019 |

മേൽ വിവരിച്ച പ്രകാരം പ്രോവിഡന്റ് ഫണ്ട് ഇനത്തിലെ അടവുകൾ മാസം പകുതി കഴിഞ്ഞതിന് ശേഷമാണ് ഒടുക്കുന്നത്. ഇതിനാൽ പലിശ ഇനത്തിൽ ജാവനക്കാർക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. മറ്റ് റിക്കവറി തുകകളും ഇതേ രീതിയിൽ വൈകി തന്നെയാണ് ഒടുക്കുന്നത്. ഇക്കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ മുഴുവൻ റിക്കവറി തുകകളും ഓരോ മാസവും സർക്കാർ നിർദ്ദേശ പ്രകാരമുള്ള തിയ്യതിയായ 7-ാംതിയ്യതിക്കകം ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 ജീവനക്കാര്യം-2019 വർഷത്തേക്കുള്ള ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് പോളിസി പ്രീമിയം തുക ഒടുക്കുന്നതിൽ കാലതാമസം

2019 വർഷത്തിലേക്കുള്ള മടിക്കൈ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് പോളിസി പ്രീമിയം തുക 2018 നവമ്പർ മാസത്തിലെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയെങ്കിലും ഈ തുക ആ സമയത്ത് ഒടുക്കിയിട്ടില്ല. 2019 മാർച്ച് മാസം അവസാനമാണ് തുക ഒടുക്കിയത്. ചെലാൻ നം.7201819/28.03.2019 പ്രകാരം തുക മാർച്ച് മാസം ഒടുക്കുകയാണ് ചെയ്തത്. (വൗച്ചർ നം.21801194/31.03.2019, പ്രീമിയം തുക 5,200/-രൂപ ) ജീവനക്കാർക്ക് ഇൻഷൂറൻസ് പരിരക്ഷ കിട്ടേണ്ട വളരെ പ്രധാനപ്പെട്ട ഈ സ്കീമിലേക്കുള്ള പ്രീമിയം തുക ഒടുക്കുന്നതിൽ കാലതാമസം വരുത്തിയത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനം-ദിവസവേതനത്തിന് നിയമിച്ചത്-അപാകത

മടിക്കൈ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് പഴയ ഫയലുകൾ ക്രമീകരിച്ച് വയ്ക്കുന്നതിനായി ശ്രീ.രഘുനാഥൻ.എം, s/o ഗോവിന്ദൻ എന്നവരെ നിയമിച്ചിട്ടുണ്ട്.ഭരണസമിതി തീരുമാനം നം.14(1)/19.6.2018 പ്രകാരമാണ് നിയമനം നടത്തിയത്. വേതനം നൽകിയത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|
| 1 | 21800273/24.07.2018 | 12,600 | 04000755/24.07.2018 |
| 2 | 21800340/08.08.2018 | 15,120 | 04000774/10.08.2018 |
| 3 | 21800399/01.09.2018 | 11,970 | 04001184/01.09.2018 |
| 4 | 21800496/06.10.2018 | 12,600 | 04001206/06.10.2018 |
| 5 | 21800619/01.11.2018 | 11970 | 04001231/01.11.2018 |
| 6 | 21800710/03.12.2018 | 11340 | 04001248/03.12.2018 |
| 7 | 21800823/07.01.2019 | 11340 | 04001806/07.01.2019 |
| 8 | 21800924/01.02.2019 | 10080 | 04001824/01.02.2019 |
| 9 | 21801057/06.03.2019 | 90450 | 04001850/06.03.2019 |
| | ആകെ | 1,06,470/- | |

മേൽ വിവരിച്ച പ്രകാരം ദിവസ വേതനം നൽകിയതിൽ താഴെപ്പറയുന്ന അപാകത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

19.06.2018 നാണ് നിയമനം നടത്തിയതെങ്കിലും വൗച്ചർ നം.21800273/24.6.2018 പ്രകാരം ജൂൺ മാസം 1-ാം തിയ്യതി മുതൽ ജോലി ചെയ്തതിന് ആകെ 20 ദിവസത്തേക്ക് 630/- രൂപ പ്രകാരം 12,600/-രൂപ നൽകിയിട്ടുണ്ട്. അതായത് 2018 ജൂൺ 1 മുതൽ 19 വരെയുള്ള ദിവസങ്ങളിലെ 12 പ്രവർത്തി ദിവസങ്ങളിൽ 630/- രൂപ പ്രകാരം അധികം വേതനം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.20/29.7.2019 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ അധികം നൽകിയ 7,560/- രൂപ (12x630) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.
